# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4446 17.12.2014-ൽ മറുപടിയ്ക്ക്**

**കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.റ്റി.എ. റഹീം : | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവൂർ പഞ്ചായത്തിലെ കൽപ്പള്ളി, അരയങ്കോട് നീർത്തട പ്രദേശങ്ങൾ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് വന്നതോടെ വെള്ളം കയറി കൃഷി യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി പദ്ധതി തയ്യാറാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) മാവൂർ പഞ്ചായത്തിലെ കൽപ്പള്ളി-അരയങ്കത്തോട് നീർത്തട പ്രദേശങ്ങൾ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് വന്നതോടെ വെള്ളം കയറി കൃഷി യോഗ്യമല്ലാതായിട്ടുണ്ട്. നിലവിലുള്ള കൽപ്പള്ളിത്തോട് നവീകരിക്കുന്നതിനും വാലുമ്മൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വി.സി.ബി ഷട്ടറുകൾ ഉപയോഗയോഗ്യമാക്കി റെഗുലേറ്റർ ആക്കുന്നതിനും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതാനം താഴ്ത്തുന്നതിനും കൂടാതെ പുതിയ സബ് ഡ്രെയിനുകൾ, രണ്ട് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നതിനും വെള്ളം എത്താത്ത സ്ഥലങ്ങളിൽ പുതിയ കനാൽ നിർമ്മിച്ച് ജലസേചന സൗകര്യം നടത്തുന്നതിനും CWRDM നടത്തിയ പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിദ്ദേശിച്ചതിൻ പ്രകാരം കൽപ്പള്ളി തോടിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്നതിനും വാലുമ്മൽ വി.സി.ബിയുടെ ഷട്ടറുകൾ പുനഃസ്ഥാപിച്ച് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ജലവിതാനം കുറയ്ക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് ഒന്നാം ഘട്ടം എന്ന നിലയിൽ വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. |

(ബി) ഈ പ്രവൃത്തിയുടെ ഫീൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ; ആയതിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) CWRDM - ന്റെ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികളിൽ സ്ഥലപരിശോധന നടത്തി ഇൻവെസ്റ്റിഗേഷൻ ആവശ്യമാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവ ഏറ്റെടുത്ത് നടത്താനുള്ള നിദ്ദേശം നൽകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**